98 (1316) കായിക രംഗത്തെ നേട്ടങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്തെ കേരളത്തിന്റെ നേട്ടങ്ങൾ മുൻനിർത്തി സ്കൂളുകളിൽ പി.ഇ.ടി. അദ്ധ്യാപകന്മാരെ നിയമിക്കുന്നതിന് സർക്കാർ മുൻഗണന നൽകുമോ;

(ബി) സ്കൂളുകളിൽ ഡ്രിൽ പീരിയഡ് വർദ്ധിപ്പിക്കാനും കരിക്കുല വുമായി ബന്ധപ്പെടുത്താനും സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിക്കുന്നതാണ്.

99 (1317) പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ പി.എഫ്. ലോൺ

ശ്രീമതി. ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർക്ക് പി.എഫ്. ലോൺ അനുവദിക്കുന്നതിൽ അനാവശ്യ കാലതാമസം ഉണ്ടാകാറുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കു മെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ലോണിനപേക്ഷിക്കാൻ അനുവദിക്കുന്നതിന് എന്ത് സമയമെടുക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അനാവശ്യമായ കാലതാമസം ഉണ്ടാകുന്നില്ല. അപേക്ഷക ളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും അതു കൈകാര്യം ചെയ്യാൻ മതി യായ ജീവനക്കാരുടെ കുറവുകൊണ്ടും അൽപം താമസം ഉണ്ടാകുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ കാലതാമസം ഒഴിവാക്കുന്നതിന് പി.എഫ്. അക്കൗണ്ടുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 45 ദിവസത്തോളമെടുക്കും.

100 (1318) ശാസ്ത്ര സാങ്കേതിക മ്യൂസിയം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം വികസന പദ്ധതിക ളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly